# ദൈവസ്വരം

## 1 ശമുവേൽ 3:10

"അപ്പോൾ യഹോവ വന്നു നിന്നു മുമ്പിലത്തെപ്പോലെ: ശമുവേലേ, ശമുവേലേ എന്നു വിളിച്ചു. അതിനു ശമുവേൽ, അരുളിച്ചെയ്യേണമേ അടിയൻ കേൾക്കുന്നു എന്നു പറഞ്ഞു."

ശമുവേൽ ബാലൻ ഏലി പുരോഹിതന്റെ മുമ്പാകെ യഹോവയ്ക്ക് ശുശ്രൂഷ ചെയ്തുകൊണ്ടിരുന്ന കാലം യഹോവയുടെ ദർശനങ്ങൾ വളരെ കുറവായിരുന്നു. ആ സാഹചര്യത്തിൽ തനിക്കു പ്രത്യക്ഷനായ ദൈവത്തോട്, അതും മൂന്നു പ്രാവശ്യം വിളിച്ചിട്ടും അതു യഹോവയുടെ സ്വരമാണെന്നു മനസ്സിലാകാതെ പോയ സ്ഥാനത്ത് ഏലിപുരോഹിതൻ അതു വെളിവാക്കിക്കൊടുത്തപ്പോൾ ദൈവസ്വരം തിരിച്ചറിഞ്ഞ് അവൻ പറയുന്ന മറുപടിയാണ് നാം മേൽ വായിച്ചത്.

ഇതുപോലെ ഓരോ ദൈവപൈതലിനോടും ദൈവം സംസാരിക്കുന്നുണ്ട്. പക്ഷെ ദൈവസ്വരം തിരിച്ചറിയാൻ നമുക്ക് സാധിക്കുന്നില്ല എന്നതാണ് വാസ്തവമായ കാര്യം. അനേകം സ്വരങ്ങളുടെ നടുവിൽ ഈ മൃദുസ്വരം ശ്രദ്ധയോടെ ശ്രവിക്കാൻ ദൈവപൈതലിന് സാധിക്കുന്നില്ല എന്നത് ഒരു വേദനിപ്പിക്കുന്ന സത്യമാണ്. ദൈവസ്വരം കേൾക്കാൻ കഴിയാത്തതിന് പല കാരണങ്ങളുണ്ട്, ഒരു പക്ഷെ നാം ദൈവത്തിൽ നിന്ന് ഒരുപാട് ദൂരെ ആയിരിക്കാം. അതുപോലെ ലോകം തരുന്ന ബഹളത്തിന്റെ നടുവിൽ നമ്മെ തന്നേ നാം മറക്കുന്നു. മറ്റു പല ശബ്ദങ്ങൾക്കും നാം ചെവി കൊടുക്കുന്നു. ദൈവ ശബ്ദം കേട്ടാൽ പോലും അനുസരിക്കാൻ നാം തയ്യാറാകുന്നില്ല, മനസ്സിലാക്കാൻ കഴിയുന്നില്ല.

ദൈവം പറയുന്നത് ഹൃദയത്തിൽ സ്വീകരിച്ച് അതു അനുസരിച്ച് ജീവിക്കുന്നവരോടാണ് ദൈവം സംസാരിക്കുന്നത്. വേദപുസ്തകത്തിൽ അങ്ങനെയുള്ള അനേകം ജീവിതങ്ങളെ നമുക്ക് കാണാം. മോശ, ഏലിയാവ്, ഹാനോക്ക്, നോഹ തുടങ്ങിയവരോടൊക്കെ ദൈവം സംസാരിച്ചു. അവരൊക്കെ ദൈവത്തെ അനുസരിച്ചു. അതുകൊണ്ട് ദൈവം അവരെ വഴിനടത്തി; അനുസരിക്കാതെ പോയ യോനയെ ദൈവം മടക്കി കൊണ്ടു വരുന്നതും നാം വചനത്തിൽ കാണുന്നു. പലപ്പോഴും മൃദുസ്വരത്തിലാണ് ദൈവം നമ്മോട് സംസാരിക്കുന്നത് എന്ന് വചനം പറയുന്നു. അപ്പോൾ അതു ശ്രവിക്കണമെങ്കിൽ നാം ശ്രദ്ധയോടെ, ഒരുക്കത്തോടെ കാത്തിരിക്കുന്നവരായിരിക്കണം. ഇല്ലെങ്കിൽ മറ്റു പല ശബ്ദങ്ങളും നമ്മെ തെറ്റിക്കും, നമ്മൾ ആശയക്കുഴപ്പത്തിലാകും. എന്നാൽ ദൈവം സംസാരിക്കുന്നത് വ്യക്തമായിട്ടാണ്, അവിടെ ആശയക്കുഴപ്പത്തിന് യാതൊരു

സ്ഥാനവുമില്ല. സ്നേഹത്തോടെയുള്ള അനുസരണമാണ് വേണ്ടത്. ദൈവത്തോടൊപ്പം നാം ചിലവഴിക്കുന്ന സമയത്താണ് അവൻ നമ്മോട് സംസാരിക്കുന്നത്.

നമ്മുടെ ദൈവം എല്ലാവരോടും സംസാരിക്കാൻ ആഗ്രഹിക്കുന്ന ഒരു ദൈവമാണ്. നമ്മുടെ സമർപ്പണവും അനുസരണവുമാണ് ദൈവത്തിനു ആവശ്യം. അതിന് നാം മറ്റ് എല്ലാ തിരക്കുകളിൽ നിന്നും ഒഴിഞ്ഞു മാറണം. അപ്പോൾ ദൈവം നമ്മോടും ഇടപെടും. അവന്റെ ഹിതം വെളിപ്പെടുത്തിത്തരും. അതിനായി നമുക്കും വിശുദ്ധിയോടെ അനുസരണ മനോഭാവത്തോടെ അവന്റെ സന്നിധിയിൽ സമർപ്പിച്ചു കൊടുക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:

എബ്രായർ 3:15

ഇന്നു നിങ്ങൾ അവന്റെ ശബ്ദം കേൾക്കുന്നുവെങ്കിൽ മത്സരത്തിൽ എന്ന പോലെ നിങ്ങളുടെ ഹൃദയങ്ങളെ കഠിനമാക്കരുത്.

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 066